"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-ഓണത്തോട് അനുബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ 8 പുലികളി സംഘങ്ങൾക്ക് അനുവദിച്ച ധനസഹായം 9-മത്തെ പുലികളി സംഘത്തിനുകൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.75/2026/TSM തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:- 1. 08.09.2025 തീയതിയിലെ സ.ഉ. (സാധാ)നം.544/2025/ടൂറിസം

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 17.01.2026 തിയതിയിലെ DOT/11382//2023-M(1) നം കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയില 8 പുലികളി സംഘങ്ങൾക്ക് ഓരോ പുലികളി സംഘത്തിനും ₹50,000/- രൂപ നിരക്കിൽ ആകെ ₹4,00,000/-രൂപ ധനസഹായം നൽകുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. 2025 വർഷത്തിൽ മൊത്തം 9 പുലികളി സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പുലികളി മഹോത്സവത്തിൽ പങ്കെടുത്തിട്ടുള്ളതിനാൽ ബാക്കി ഒരു ടീമിനുള്ള 50,000/- രൂപ കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഡി.റ്റി.പി.സി സെക്രട്ടറി തൃശ്ശൂർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഓണാഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായ നാടൻകലാരൂപമായ പുലികളിയെ കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ഒരു പ്രധാന ഭാഗമായി നിലനിർത്തുന്നതിൽ പുലികളി സംഘങ്ങൾ വഹിക്കുന്ന നിർണ്ണായക പങ്ക് കണക്കിലെടുത്തുകൊണ്ട്, തൃശൂർ

ജില്ലയിൽ 2025 വർഷത്തിൽ ഓണത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച പുലികളിയിൽ മൊത്തം 9 പുലികളി സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പുലികളി മഹോത്സവത്തിൽ പങ്കെടുത്തിട്ടുള്ളതിനാൽ 8 പുലിക്കളിസംഘങ്ങൾക്ക് പരാമർശം(1) പ്രകാരം അനുവദിച്ച ധനസഹായമായ 50,000/- രൂപ , 9-മത്തെ പുലികളി സംഘത്തിനുകൂടി "3452-80-104-98-00-34-03-മാർക്കറ്റിംഗ്-(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

6. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് തുക കൈപ്പറ്റിയ തീയതി മുതൽ മുന്ന് മാസത്തിനകം,തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർമാൻ & ജില്ലാ കളക്ടർ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഡിടിപിസി ചെയർമാൻ & ജില്ലാ കളക്ടർ,തൃശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 31-01-2026 11:04:09
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്

3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്